(എ) പി.ഡബ്ലിയു.ഡി.എൻ.എം.ആർ. കാരുടെ സേവന വേതന വ്യവസ്ഥ പരിഷ്കരിക്കുന്നതിനു നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ ശുപാർശകൾ എന്തെല്ലാം;

(സി) ഇതിലെ ഏതെങ്കിലും ശുപാർശ നടപ്പാക്കിയോ?

ഉത്തരം

(എ) എൻ.എം.ആർ. ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ക്രോഡീകരിക്കുന്നതിനും അപാകതകളുണ്ടെങ്കിൽ പരിഹരിക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനാണ് കമ്മിറ്റിയെ നിയോഗിച്ചത്. റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്.

(ബി, സി) എൻ.എം.ആർ. ജീവനക്കാരെ 'വർക്കർ' എന്നു നാമകരണം ചെയ്യുക, റിട്ടയർമെൻറിനുള്ള പ്രായപരിധി ഉയർത്തുക, ഓവർടൈം ജോലിക്കു ശമ്പളം നൽകുക, നിയന്ത്രിത അവധികൾ പുനഃസ്ഥാപിക്കുക, കാഷ്വൽ ലീവ് അരദിവസത്തിനും അനുവദിക്കുക, സ്പെഷ്യൽ കാഷ്വൽലീവനുവദിക്കുക, മെഡിക്കൽ റീഇംബേഴ്സ്മെൻറ് ആനുകൂല്യമോ ഇ.എസ്.ഐ. ആനുകൂല്യമോ അനുവദിക്കുക, അവകാശ അവധി സറണ്ടർ ചെയ്യാൻ അനുവദിക്കുക, മിനിമം പെൻഷൻ അനുവദിക്കുക, ഫാമിലി ബെനിഫിറ്റ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുക, മസ്റ്ററോൾ സിസ്റ്റം അവസാനിപ്പിച്ച് അറൻറൻസ് രജിസ്റ്റർ വയ്ക്കുക, യൂണിഫാറം പരിഷ്കരിക്കുക, സ്കിൽഡ് ജോലികൾ ചെയ്യുന്ന എൻ. എം. ആർ. ജോലിക്കാരെ ആ ജോലികൾക്കുള്ള ശമ്പളം നൽകുകയോ സ്ഥിരം എസ്റ്റാബ്ലിഷ്മെൻറിൽ നിയമിക്കുകയോ ചെയ്യുക, എൻ.എം.ആർ. ജോലിക്കാരെ നിയമിക്കരുതെന്ന നിരോധനം നീക്കി, ഡിപ്പാർട്ടുമെൻറിൽ ജോലി ചെയ്തു പരിശീലനമുള്ളവരെ നിയമിക്കുക തുടങ്ങിയവയാണ് നിർദ്ദേശങ്ങൾ.

പല നിർദ്ദേശങ്ങളും ഇതിനകം നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. മറ്റുള്ളവയെ സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

ഇരുവഴിഞ്ഞിപ്പുഴയ്ക്ക് പാലം നിർമ്മിക്കാൻ നടപടി

1813 [2098] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ, പണിക്കോടു റോഡിൽ ഇരുവഴിഞ്ഞിപ്പുഴക്ക് എടവഴിക്കടവിൽ ഒരു പാലം നിർമ്മിക്കാൻ നടപടികളെടുക്കുമോ;

(ബി) എടവഴിക്കടവു പാലത്തിന് ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്?

ഉത്തരം

(എ) നടപടികളെടുത്തിട്ടുണ്ട്. അലൈൻമെൻറ് പ്ലാൻ ചീഫ് എൻജിനീയർ അംഗീകരിച്ചിട്ടുണ്ട്.

(ബി) 1973 ഏപ്രിൽ മാസത്തിൽ ഈ പാലത്തിൻറെ ഇൻവെസ്റ്റിഗേഷൻ തുടങ്ങി.

LIBRARY ARCHIVES Kerala Legislative Assembly